# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.01.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

**1)** നിയമസഭകളുടെ അന്തസ്സുറ്റ പ്രവർത്തനം ഉറപ്പാക്കുന്നതിന് സഭാംഗങ്ങൾ ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരണമെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള.

**Lok Sabha Speaker Om Birla has said that members of the House should live up to the expectations of the people to ensure the dignified functioning of the legislatures.**

**2)** കൊൽക്കത്ത ആർജികർ മെഡിക്കൽ കോളേജിൽ വനിത ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ കേസിലെ മുഖ്യപ്രതി സഞ്ജയ് റോയിയ്ക്ക് ജീവപര്യന്തം തടവ്.

**The prime accused in the RG Kar rape and murder case, Sanjoy Roy has been sentenced to life imprisonment.**

**3)** ഇന്ത്യയിലെ സാമ്പത്തിക പരിഷ്ക്കാരങ്ങൾ രാജ്യത്തെ ജിഡിപി വളർച്ച 7 മുതൽ 8 ശതമാനം വരെ ഉയർത്തു മെന്ന് ലോക സാമ്പത്തിക ഫോറം പ്രസിഡൻറ്.

**WEF President and CEO Børge Brende forecast a 7 to 8 percent GDP growth for India on the back of higher investments driven by economic reforms in the nation..**

4) 47-ാമത് യു.എസ് പ്രസിഡൻറായി ഡോണൾഡ് ട്രംപ് ഇന്ന് സത്യപ്രതിജ്ഞ ചെയ്യും

**Donald Trump will be sworn in as the 47th US President today.**

**5)** **മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻസിങ്ങിന് കേരള നിയമസഭ ഇന്ന് ചരമോപചാരം അർപ്പിച്ചു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയത്തിൽ നാളെ മുതൽ ചർച്ച.**

**The Kerala Assembly paid tribute to former Prime Minister Dr. Manmohan Singh today. The discussion on the motion of thanks on the Governor's address will begin tomorrow.**

**6)** **ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൽ നാമനിർദ്ദേശ പത്രികകൾ പിൻവലി ക്കാനുള്ള സമയപരിധി ഇന്ന് അവസാനിച്ചു.**

**The deadline for withdrawal of nominations for the Delhi elections ended today..**

## OM BIRLA BIHAR AIPOC

നിയമനിർമ്മാണ പ്രക്രിയയിലൂടെ ജനങ്ങളെ സേവിക്കാൻ ഉത്തരവാദിത്തപ്പെട്ടവരാണ് നിയമനിർമാണസഭകളിലെ പ്രിസൈഡിംഗ് ഓഫീസർമാരെന്ന് ഓം ബിർള. പട്നയിൽ നടക്കുന്ന 85-ാമത് അഖിലേന്ത്യാ പ്രിസൈഡിങ്ങ് ഓഫീസേഴ്സ് സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ലോക്സഭാ സ്പീക്കർ. നിയമസഭകളുടെ അന്തസ്സുറ്റ പ്രവർത്തനം ഉറപ്പാക്കുന്നതിന് ഭരണഘടനാ മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരണമെന്ന് സഭാംഗങ്ങളോട് ശ്രീ ഓം ബിർള അഭ്യർത്ഥിച്ചു. ലോക്സഭയിലെയും രാജ്യസഭയിലെയും അധ്യക്ഷൻമാരും, വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള സ്പീക്കർമാരും ഡെപ്യൂട്ടി സ്പീക്കർമാരും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

## WB-R G KAR- SENTENCE.

കൊൽക്കത്ത ആർജി കർ മെഡിക്കൽ കോളേജിലെ ബലാത്സംഗ കൊലപാതക്കേസിൽ മുഖ്യപ്രതി സഞ്ജയ് റോയിയ്ക്ക് ജീവപര്യന്തം തടവ് ശിക്ഷ. സീൽദയിലെ സെഷൻസ് കോടതിയാണ് ശിക്ഷ വിധിച്ചത്. പെൺകുട്ടിയുടെ കുടുംബത്തിന് സംസ്ഥാന സർക്കാർ 17 ലക്ഷം

രൂപ നഷ്ടപരിഹാരം നൽകണമെന്നും കോടതി പറഞ്ഞു. കേസിൽ സഞ്ജയ് റോയ് കുറ്റക്കാരനാണെന്ന് കഴിഞ്ഞയാഴ്ച കോടതി വിധിച്ചിരുന്നു. കഴിഞ്ഞ വർഷം ഓഗസ്റ്റ് ഒമ്പതിന് ആർജി കാർ മെഡിക്കൽ കോളേജിലെ സെമിനാർ ഹാളിൽ നിന്നാണ് ഡോക്ടറുടെ മൃതദേഹം കണ്ടെടുത്തത്.

## MANDAVIYA- SEMINAR INTRO

ഗിഗ് തൊഴിലാളികൾക്ക് ലേബർ ബോർഡ് ഉടൻ തന്നെ സാമൂഹിക സുരക്ഷഉറപ്പുവരുത്തുമെന്ന് കേന്ദ്ര തൊഴിൽ മന്ത്രി മൻസുഖ് മാണ്ഡവ്യ. സ്വയം തൊഴിൽ മേഖലയിലെ തൊഴിലാളികൾക്കായുള്ള സാമൂഹിക സുരക്ഷാ പരിരക്ഷ സംബന്ധിച്ച ദ്വിദിന അന്താരാഷ്ട്ര സെമിനാർ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിവേചനമില്ലാതെ, എല്ലാ തൊഴിലാളികളുടേയും സാമൂഹിക സുരക്ഷയാണ് സർക്കാരിൻ്റെ മുൻഗണനയെന്ന് അദ്ദേഹം പറഞ്ഞു.

(Voice)

## J and K OPERATION

ജമ്മു കശ്മീരിൽ ബരാമുള്ള ജില്ലയിൽ സലൂറ - ഗുജർപേട്ടി പ്രദേശത്ത് ഇന്ന് രാവിലെ സുരക്ഷാ സേനയും ഭീകരരും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ ഒരു സൈനികന് വീരമൃത്യു. പ്രദേശത്തെ വനമേഖലയിൽ ഭീകരർ ഒളിച്ചിരിക്കുന്നതായുള്ള വിവരത്തെ തുടർന്ന് സുരക്ഷാ സേന നടത്തിയ തെരച്ചിലിനിടെയാണ് ഏറ്റുമുട്ടലുണ്ടായത്. കരസേനയും ജമ്മു പോലീസും സംയുക്തമായി തെരച്ചിൽ തുടരുകയാണ്.

## WEF - INDIAN GROWTH INTRO

55-ാ മത് വാർഷിക സമ്മേളനത്തിന് സ്വിറ്റ്സർലൻഡിലെ ദാവോസിൽ തുടക്കമായി. ഇന്ത്യയെ പ്രതിനിധീകരിച്ച് കേന്ദ്രമന്ത്രി അശ്വനി വൈഷ്ണവ് സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. ഇന്ത്യയിലെ സാമ്പത്തിക പരിഷ്ക്കാരങ്ങളും അതിലൂടെ ഉണ്ടായ നിക്ഷേപങ്ങളും രാജ്യത്തെ ജിഡിപി 7 മുതൽ 8 ശതമാനം വരെ ഉയർത്തുമെന്ന് ലോക സാമ്പത്തിക ഫോറത്തിൻറെ പ്രസിഡൻറ് ബോർഗെ ബ്രൻറ്റെ. ഒരു ഇന്ത്യൻ ടെലിവിഷൻ ചാനലിന് നൽകിയ അഭിമുഖത്തിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്.

**(VOICE)**

കേന്ദ്രമന്ത്രിമാരായ സി.ആർ. പാട്ടീൽ, കെ. റാംമോഹൻ നായിഡു, ചിരാഗ് പാസ്വാൻ, കേന്ദ്ര സഹമന്ത്രി ജയന്ത് ചൗധരി എന്നിവരും അദ്ദേഹത്തിനൊപ്പമുണ്ട്. ഇന്ത്യയുടെ സമഗ്ര വളർച്ചയുടെയും ഡിജിറ്റൽ മേഖലയിലെ മുന്നേറ്റത്തിന്റെയും മാതൃക ഉയർത്തിക്കാട്ടാനുള്ള വേദി കൂടിയാണ് അഞ്ച് ദിവസത്തെ പരിപാടി. 130-ലധികം രാജ്യങ്ങളിൽ നിന്നായി മൂവായിരത്തോളം നേതാക്കളാണ് അഞ്ച് സാമ്പത്തിക ഫോറത്തിൽ പങ്കെടുക്കുന്നത്.

## RAJNATH - NCC.

യുവാക്കൾ രാജ്യത്തിൻ്റെ സമ്പത്താണെന്നും രാഷ്ട്ര നിർമ്മാണത്തിനും വളർച്ചക്കും യുവജനങ്ങൾ സംഭാവന നൽകണമെന്നും പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ്. 2025ലെ എൻസിസി റിപ്പബ്ലിക് ദിന ക്യാമ്പിനെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തെ ജനങ്ങൾ അച്ചടക്കം, ഐക്യം, അഖണ്ഡത എന്നിവയ്ക്ക് മുൻഗണന നൽകണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

## SHARON CASE

തിരുവനന്തപുരം പാറശാല ഷാരോൺ വധക്കേസിലെ ഒന്നാം പ്രതി ഗ്രീഷ്മയ്ക്ക് വധശിക്ഷ. നെയ്യാറ്റിൻകര അഡീഷണൽ സെഷൻസ് കോടതി ആണ് ശിക്ഷ

വിധിച്ചത്. നടന്നത് ആസൂത്രിത കൊലപാതകമെന്നും, അപൂർവങ്ങളിൽ അപൂർവമായ കേസാണിതെന്നും കോടതി വിധിന്യായത്തിൽ വ്യക്തമാക്കി.  2 ലക്ഷം രൂപ പിഴയും ഗ്രീഷ്മയ്ക്ക് ചുമത്തിയിട്ടുണ്ട്. മൂന്നാം പ്രതിയും ഗ്രീഷ്മയുടെ അമ്മാവനുമായ നിർമല കുമാരന് മൂന്നു വർഷം തടവ് ശിക്ഷയും കോടതി വിധിച്ചു. സമർത്ഥമായി അന്വേഷണം നടത്തിയ കേരളാ പോലീസിനെ കോടതി പ്രത്യേകം അഭിനന്ദിച്ചു. വിധിയിൽ തൃപ്തയാണെന്നും നീതിന്യായ വ്യവസ്ഥയിലും നൂറ് ശതമാനം വിശ്വാസമുണ്ടെന്നും ഷാരോണിൻ്റെ അമ്മ മാധ്യമങ്ങളോട് പറഞ്ഞു.

## CM (INTRO)

മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻസിങ്ങിന് ചരമോപചാരം അർപ്പിച്ച് കേരള നിയമസഭ. ഇന്ത്യയുടെ സാമ്പത്തിക നയ രൂപീകരണത്തിൽ കാതലായ സംഭാവനകൾ നൽകിയ വ്യക്തിത്വ മായിരുന്നു അദ്ദേഹമെന്ന് ചരമോചചാരം അർപ്പിച്ചുകൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. (വോയ്സ്)

സൗമ്യത കാത്തുസൂക്ഷിക്കുമ്പോഴും തീരുമാനങ്ങളിൽ കാർക്കശ്യം പുലർത്തിയ പ്രധാനമന്ത്രിയായിരുന്നു ഡോ. മൻമോഹൻ സിങ്ങെന്ന് സ്പീക്കർ എ എൻ ഷംസീർ അനുസ്മരിച്ചു. രാജ്യത്തെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താൻ പ്രധാനമന്ത്രി എന്ന നിലയിൽ മൻമോഹൻസിങ് നടപ്പാക്കിയ കാര്യങ്ങൾ ചരിത്രത്തിൻറെ ഭാഗമാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. വിവിധ കക്ഷിനേതാക്കളും ചരമോപചാരം അർപ്പിച്ചു. തുടർന്ന് നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു.  ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയം നിയമസഭ നാളെമുതൽ മൂന്ന് ദിവസം ചർച്ച ചെയ്യും.

## DELHI ELECTION

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൽ നാമനിർദ്ദേശ പത്രിക പിൻവലിക്കാലുളള സമയപരിധി ഇന്ന് അവസാനിച്ചു. വോട്ടെടുപ്പ് അടുത്തമാസം അഞ്ചിനും വോട്ടെണ്ണൽ എട്ടിനും നടക്കും.

## J and K: TEAM

ജമ്മു കശ്മീരിൽ, കഴിഞ്ഞ 45 ദിവസത്തിനിടെ മൂന്ന് കുടുംബങ്ങളിലെ 17 അംഗങ്ങൾ ദുരൂഹസാഹചര്യത്തിൽ മരിച്ചതിൻ്റെ കാരണം കണ്ടെത്താൻ വിവിധ മന്ത്രാലയങ്ങളിലെ ഉന്നതതല സംഘം ഇന്ന് രജൗരി ജില്ലയിലെ ബധാൽ ഗ്രാമം സന്ദർശിച്ചു. രണ്ട് സംഘങ്ങളായി തിരിഞ്ഞ് സ്ഥിഗതികൾ വിലയിരുത്തി. പ്രാദേശിക ഭരണകൂടവുമായി ചേർന്ന് അടിയന്തര ആശ്വാസനടപടികൾ സ്വീകരിക്കും.

## TRUMP OATH

47-ാമത് യു.എസ് പ്രസിഡൻറായി ഡോണൾഡ് ട്രംപ് ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. ഇന്ത്യൻ സമയം രാത്രി 8.30 ന് നടക്കുന്ന ചടങ്ങിൽ യുഎസ് ചീഫ് ജസ്റ്റിസ് ജോൺ റോബർട്സ് സത്യവാചകം ചൊല്ലിക്കൊടുക്കും. വാഷിങ്ടൺ ഡിസിയിൽ അതിശൈത്യം തുടരുന്നതിനാൽ യുഎസ് ക്യാപിറ്റോൾ മന്ദിരത്തിനുള്ളിലെ റോട്ടൻഡ ഹാളിലാണ് സത്യപ്രതിജ്ഞ. ഇന്ത്യയെ പ്രതിനിധീകരിച്ച് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ ചടങ്ങിൽ പങ്കെടുക്കും. അർജൻറീന പ്രസിഡൻറ് ജാവിയർ മിലേ, ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണി, ബ്രസീൽ മുൻ പ്രസിഡൻറ് ജെയർ ബോൾസനാരോ തുടങ്ങി നിരവധി പ്രമുഖർ സത്യപ്രതിജ്ഞാ ചടങ്ങിൽ സന്നിഹിതരാവും. ഇലോൺ മസ്ക്, മാർക്ക് സക്കർബർഗ്, ടിം കുക്ക്, സാം ആൾട്ട്മാൻ തുടങ്ങിയ ടെക് വ്യവസായ പ്രമുഖരും ചടങ്ങിൽ പങ്കെടുക്കും. സത്യപ്രതിജ്ഞയ്ക്ക് ശേഷം ഡോണൾഡ് ട്രംപ് രാജ്യത്തെ അഭിസംബോധന ചെയ്യും. നവംബറിൽ നടന്ന തിരഞ്ഞെടുപ്പിൽ തിളക്കമാർന്ന വിജയം നേടിയാണ് ട്രംപ് രണ്ടാംതവണയും യുഎസ് പ്രസിഡൻറ് സ്ഥാനത്തേക്കെത്തുന്നത്.

## JAISHANKAR - JAPAN & AUSTRALIA

വിദേശകാര്യമന്ത്രി എസ് ജയശങ്കർ ജാപ്പനീസ് വിദേശകാര്യമന്ത്രി ടക്കേഷി ഇവായയുമായി വാഷിങ്ടണ്ണിൽ കൂടിക്കാഴ്ച നടത്തി. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി സഹകരം, ക്വാഡ് രാജ്യങ്ങളുടെ വികസനം തുടങ്ങിയവ ചർച്ച ചെയ്തതായി ശ്രീ എസ് ജയശങ്കർ സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു. ഓസ്ട്രേലിയൻ വിദേശകാര്യമന്ത്രി പെന്നി വോങ്ങുമായും കേന്ദ്രമന്ത്രി കൂടിക്കാഴ്ച നടത്തി.

## GOVERNOR-REPUBLIC DAY

തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ജനുവരി 26 ന് നടക്കുന്ന റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേകർ രാവിലെ 9 ന് ദേശീയ പതാക ഉയർത്തും. റിപ്പബ്ലിക് ദിന പരേഡിൽ അഭിവാദ്യം സ്വീകരിച്ച ശേഷം അദ്ദേഹം റിപ്പബ്ലിക് ദിന സന്ദേശവും നൽകും. ജില്ലാ ആസ്ഥാനങ്ങളിലും, തദ്ദേശ തലത്തിലും, ഓഫിസ്, സ്കൂൾ, കോളജ്, തുടങ്ങിയ പൊതു സ്ഥാപനങ്ങളിലും അന്നേ ദിവസം ആഘോഷ പരിപാടികൾ സംഘടിപ്പിക്കും.

## SUGATHOLSAVAM

കവയിത്രി സുഗതകുമാരിയുടെ നവതി ആഘോഷങ്ങളുടെ സമാപന സമ്മേളനം രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ് മറ്റന്നാൾ ആറന്മുളയിൽ ഉദ്ഘാടനം ചെയ്യും. 'സുഗതോത്സവം' എന്ന പേരിൽ സംഘടിപ്പിച്ച പരിപാടിയുടെ ഭാഗമായി കവിതാലാപനം, ഉപന്യാസ മത്സരം, വൃക്ഷത്തൈ നടീൽ തുടങ്ങി നിരവധി പരിപാടികൾ സംഘടിപ്പിച്ചിരുന്നു.